**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1387 06.02.2020 ൽ മറുപടിയ്ക്ക്**

**<u>നിർമ്മാണ പ്രവർത്തനങ്ങൾക്ക റവന്യൂ വകുപ്പിന്റെ അനുമതി</u>**

| **ചോദ്യം**<br>**ശ്രീ.പി.ടി. തോമസ്** | **മറുപടി**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇടുക്കി ജില്ലയിൽ മാത്രം റവന്യൂ വകുപ്പിന്റെ അനുമതി നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ)യും (ബി)യും ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയ വ്യവസ്ഥകൾ ലംഘിച്ച് നിർമ്മാണങ്ങൾ അനുവദനീയമല്ല. കൂടാതെ One Earth One Life എന്ന സംഘടന ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 1810/2010-ൽ ബഹു.ഹൈക്കോടതിയുടെ 21.1.2010-ലെ ഇടക്കാല വിധിന്യായത്തിൽ മൂന്നാർ ഏരിയയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC ബാധകമാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കിയിരുന്നു. അതിന്റെ തുടർച്ചയായിട്ടാണ് 22/8/2019-ലെ സ.ഉ.(കൈ)നം.269/2019/റവ, 14/10/2019-ലെ സ.ഉ.(കൈ)നം.310/2019/റവ എന്നിവ പ്രകാരം ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, ആനവിരട്ടി, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ബൈസൺവാലി എന്നീ വില്ലേജുകളിൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയം ലംഘിച്ച് വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിൽ 15 സെന്റ് വരെയുള്ള ഭൂമിയിലെ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിനും, ഭാവിയിൽ വലിയ നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനായി ഏതാവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലെ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാവൂ എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന് നിർദ്ദേശം നൽകി |
| (ബി) | എങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നു; | |

| | | |
|---|---|---|
| | | ഉത്തരവായിട്ടുള്ളത്. |
| (സി) | ഇടുക്കി ജില്ലയിലെ എട്ട് വില്ലേജുകളിൽ മാത്രം നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്തിയത് സംബന്ധിച്ച് ഹൈക്കോടതി വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; | (സി) ഇല്ല. എന്നാൽ ടി നിർദ്ദേശം സംസ്ഥാനം മുഴുവൻ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് WP(C) No.17983/2019 നമ്പർ കേസിൽ 30/1/2020-ലെ ഇടക്കാല വിധിന്യായത്തിൽ ബഹു.ഹൈക്കോടതി തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | അനധികൃത നിർമ്മാണങ്ങളുടെയും കയ്യേറ്റങ്ങളുടെയും പേരു പറഞ്ഞ് ഇടുക്കി ജില്ലയിലെ ജനങ്ങളെ മാത്രം ബുദ്ധിമുട്ടിക്കുന്ന നടപടി പുന:പരിശോധിക്കുമോ? | (ഡി) മേൽ പരാമർശിച്ചിട്ടുള്ള സാഹചര്യത്തിലാണ് ഇടുക്കി ജില്ലയിലെ എട്ടു വില്ലേജുകളിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിന് വില്ലേജ് ഓഫീസറുടെ എൻ ഒ സി നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-12-2019-ൽ സർവ്വകക്ഷി യോഗം ചേരുകയും, മൂന്നാർ പ്രത്യേകമായി സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന വസ്തുത പരിശോധിച്ച് അതിനായി എന്തൊക്കെ ചെയ്യാമെന്ന് പരിശോധിച്ച് കോടതിയുടെ അനുമതിയോടെ മാത്രം ഈ വിഷയത്തിൽ സ്വീകരിക്കാവുന്ന നടപടികൾ പരിശോധിക്കുന്നതാണ് എന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ